**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 294** **27-06-2024 - ൽ മറുപടിയ്ക്ക്**

**നീർത്തട പദ്ധതികളുടെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഒ . ആർ. കേളു,<br>ശ്രീ. കെ. ബാബു (നെന്മാറ),<br>ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ,<br>ശ്രീ. എ. രാജ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | ഭൂപ്രകൃതിയുടെ പ്രത്യേകതകൾ കണക്കിലെടുത്ത് നീർത്തടാധിഷ്ഠിത ആസൂത്രണമാണ് സംസ്ഥാനത്തിന്റെ കാർഷിക അഭിവൃദ്ധിക്ക് അനിവാര്യമെന്ന് കണ്ട് ആരംഭിച്ച നീർത്തട പദ്ധതികളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഭാഗമായി നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്നും എന്തൊക്കെ കാര്യങ്ങളാണ് ലക്ഷ്യമിട്ടിരുന്നതെന്നും വ്യക്തമാക്കുമോ; | (ബി) | പരിസ്ഥിതി സംരക്ഷണം, പ്രകൃതിവിഭവ പരിപാലനം, സുസ്ഥിരമായ കാർഷികോൽപാദന വർദ്ധനവ്, പാരിസ്ഥിതിക സന്തുലനം, പ്രാദേശികമായ വിഭവങ്ങളുടെ ലഭ്യതയിലുള്ള ഏറ്റക്കുറച്ചിലുകൾ പരിഹരിക്കുക, സ്ഥായിയായ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക തുടങ്ങിയ മുഖ്യലക്ഷ്യങ്ങൾ വച്ചാണ് പദ്ധതികൾ നടപ്പാക്കിയത്. മണ്ണ്, ജലസംരക്ഷണം, വനവൽക്കരണം, കാർഷിക വൈവിധ്യവൽക്കരണം, കോണ്ടൂർ അടിസ്ഥാനത്തിൽ കൃഷിയും ജലവിനിയോഗ പരിപാടികളും പദ്ധതിയുടെ ഭാഗമായി ഏറ്റെടുത്തിട്ടുണ്ട്. അഞ്ചുവർഷക്കാലമായിരുന്നു ഓരോ നീർത്തട വികസന പരിപാടിയുടെയും ദൈർഘ്യം.<br><br>മണ്ണ് ജല സംരക്ഷണാർത്ഥം കാർഷികഭൂമിയുടെ അടിസ്ഥാന സൗകര്യ വികസനവും നീർച്ചാലുകളുടെ സംരക്ഷണവുമാണ് നടപ്പാക്കാറുള്ളത്. മണ്ണും ജലവും സംരക്ഷിച്ച് മണ്ണൊലിപ്പ് തടയുക, കാർഷിക ഉത്പാദനം വർദ്ധിപ്പിക്കുക, മേൽ മണ്ണ് സംരക്ഷണം വഴി മണ്ണിന്റെ ഫലഭൂയിഷ്ഠത വർദ്ധിപ്പിച്ച് ആരോഗ്യ പരിപാലനം സാധ്യമാക്കുക, തത്സ്ഥല ജല പരിപാലനം വഴി ഭൂഗർഭ ജലവിതാനം വർദ്ധിപ്പിക്കുക, ഉരുൾപൊട്ടൽ /മണ്ണ് ഇടിച്ചിൽ തുടങ്ങിയ പ്രകൃതി ക്ഷോഭങ്ങളുടെ ആഘാതം ലഘൂകരിക്കുക, നീർച്ചാലുകളുടെ സംരക്ഷണം വഴി അവയുടെ വാഹകശേഷി വർദ്ധിപ്പിച്ച് ജല നിർഗ്ഗമനം |

| | | | |
|---|---|---|---|
| | | | സുഗമമാക്കുക എന്നി ലക്ഷ്യത്തോടെയാണ് വിവിധ നീർത്തട പദ്ധതികൾ നിർവ്വഹിച്ചു വരുന്നത്.<br><br>കാർഷിക ഭൂമിയിൽ മണ്ണ് ജല സംരക്ഷണത്തിനായി കയ്യാലകൾ, ടെറസ്സുകൾ, ട്രെഞ്ചുകൾ, മഴക്കുഴികൾ, കാർഷിക വനവത്കരണം, മൺബണ്ടുകൾ, ജൈവവേലികൾ തുടങ്ങിയ പ്രവർത്തികളും, നീർച്ചാൽ സംരക്ഷണാർത്ഥം തടയണകൾ, പാർശ്വഭിത്തി സംരക്ഷണം, കുളങ്ങളുടെ നവീകരണം, കിണർ റീചാർജ്ജ്, മഴവെള്ള സംഭരണം, ഗേബിയൺ തടയണ, പാടശേഖരങ്ങളിലെ ജലസേചനത്തിനായുള്ള ചാലുകളുടെ സംരക്ഷണം, സ്ലൂയിസുകൾ, കൾവേർട്ട്, തുടങ്ങിയ പ്രവർത്തികൾ നീർത്തട പദ്ധതിയിൽ നിർവ്വഹിച്ചു വരുന്നു. |
| (സി) | ഇതിനായി വിവിധ വകുപ്പുകളുടെ ഏകോപനം സാധ്യമായിട്ടുണ്ടോ; വിശദാംശം നൽകുമോ; | (സി) | ഉണ്ട്. ഗ്രാമ പഞ്ചായത്ത്, തൊഴിലുറപ്പ് വിഭാഗം, മണ്ണ് സംരക്ഷണ വകുപ്പ്, ജലസേചന വകുപ്പ്, ചെറുകിട ജലസേചന വകുപ്പ്, വനം വന്യജീവി വകുപ്പ്, ഗ്രാമവികസന വകുപ്പ്, മൃഗസംരക്ഷണ വകുപ്പ്, ഫിഷറീസ് വകുപ്പ്, വനിതാ ശിശുക്ഷേമ വകുപ്പ്, വിദ്യാഭ്യാസ വകുപ്പ് തുടങ്ങിയ വിവിധ വകുപ്പുകളുടെ സഹകരണത്തോടു കൂടിയാണ് ചെറുനീർത്തടങ്ങളിൽ ഇടപെടലുകൾ നടത്തിയത്. കൃഷിവകുപ്പിന്റെ നിയന്ത്രണത്തിൽ തന്നെ ഗ്രാമപഞ്ചായത്തുകളുമായി സഹകരിച്ചുകൊണ്ട് അതത് മേഖലകളിൽ നീർത്തട വികസന സമിതികൾ ഉണ്ടാക്കുകയും പരിസ്ഥിതി, മണ്ണ് ജലസംരക്ഷണം, കാർഷിക വികസനം, വനവൽക്കരണം, ഉപജീവന മാർഗ്ഗങ്ങൾ സൃഷ്ടിക്കൽ, പ്രകൃതിവിഭവ സംരക്ഷണം, തൃണമൂല തല ശാക്തീകരണം എന്നിവ തെരഞ്ഞെടുക്കപ്പെട്ട നീർത്തടങ്ങളിൽ അഞ്ചു വർഷം കൊണ്ട് പൂർത്തീകരിക്കാനുള്ള പരിപാടികളാണ് മുഖ്യമായും ഏറ്റെടുത്തത്. ചെറു നീർത്തടങ്ങൾ ആസ്പദമാക്കിയുള്ള വികസന പ്രവർത്തനങ്ങളാണ് കേന്ദ്ര സംസ്ഥാന ധനസഹായത്തോടുകൂടി കഴിഞ്ഞ പദ്ധതി കാലങ്ങളിൽ പൂർത്തീകരിച്ചത്. |
| (ഡി) | നീർത്തട പദ്ധതികളുടെ അടിസ്ഥാനത്തിൽ നദീതട പദ്ധതികൾക്ക് രൂപം കൊടുത്തിട്ടുണ്ടോയെന്നും വിള കലണ്ടറും പ്ലാനുകളും തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ നടന്നിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ? | (ഡി) | ചെറുനീർത്തട വികസന പരിപാടികളാണ് കൃഷി വകുപ്പും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ഏറ്റെടുത്തു നടപ്പാക്കിയത്. നീർത്തടങ്ങളുടെ വലിയ തോതിലുള്ള ഏകോപനത്തിലൂടെ നദീതട വികസന പരിപാടികൾ ആവിഷ്കരിക്കാൻ സംസ്ഥാനതലത്തിൽ വലിയ ധനസ്രോതസ്സുകളും സാങ്കേതിക വൈദഗ്ധ്യമുള്ള ടാസ്ക് ഗ്രൂപ്പുകളും ആവശ്യമാണ്. എന്നാൽ ചെറുനീർത്തടങ്ങളിൽ ഉള്ള ഇടപെടലുകൾ കഴിഞ്ഞ കാലങ്ങളിൽ സംസ്ഥാനത്തിന് പരിസ്ഥിതി സംരക്ഷണത്തിലും, ജനജീവിതം |

| | | | |
|---|---|---|---|
| | | | മെച്ചപ്പെടുത്തുന്നതിലും, കാർഷികാഭിവൃദ്ധിക്കും ഗണ്യമായ തോതിൽ ഉപകരിച്ചിട്ടുണ്ട്. ഒട്ടുമിക്ക നീർത്തട പ്രദേശങ്ങളിലും തണ്ണീർത്തട മാസ്റ്റർ പ്ലാനുകളും കൃഷി ഭവൻ തലത്തിൽ തണ്ണീർത്തടാധിഷ്ഠിത ആസൂത്രണ പദ്ധതികളും കാർഷിക വിളകൾക്കു പ്രയോജനകരമാകുംവിധം വിള കലണ്ടറുകളും തയ്യാറാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ